# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സമിതി

നമ്പർ.കെ.എസ്.എച്ച്.ഇ.സി/സ്കോൾ.സ്കീം/2011-12 (പി.ജി 2014-15) തീയതി. 22/01/2015

## <u>വിജ്ഞാപനം</u>

2011-12 അക്കാദമിക് വർഷം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സമിതി അനുവദിച്ച ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നാലാം വർഷത്തേക്ക് - 2014-15 (പി.ജി. ഒന്നാം വർഷം) പുതുക്കി നൽകുന്നതിലേയ്ക്കായി കേരളത്തിലെ ഗവൺമെന്റ്, എയിഡഡ്, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിൽ ഒന്നാം വർഷം പി.ജി. കോഴ്സിന് ആർട്സ് ആന്റ് സയൻസ് വിഷയങ്ങൾ പഠിയ്ക്കുന്ന കേരളീയരായ വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് **10-02-2015** -ാം തീയതിയ്ക്ക് മുമ്പായി താങ്കൾ പഠിക്കുന്ന കോളേജ് പ്രിൻസിപ്പാളിന് സമർപ്പിയ്ക്കേണ്ടതാണ്. അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പരിശോധിച്ച് അംഗീകരിച്ച് **16-02-2015** ന് മുമ്പായി കൗൺസിൽ ആഫീസിൽ എത്തിയ്ക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക കൗൺസിൽ വെബ്സൈറ്റിൽ (www.kshec.kerala.gov.in) ലഭ്യമാണ്.

**<u>യോഗ്യത</u>**

- മൂന്നാം വർഷം ബിരുദതലത്തിൽ 2013-14 വർഷത്തെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് അർഹരായവർ മാത്രം അപേക്ഷിച്ചാൽ മതി.
- ഇപ്പോൾ ഒന്നാം വർഷം ബിരുദാനന്തര ബിരുദതലത്തിൽ കേരളത്തിലെ ഏതെങ്കിലും ഗവൺമെന്റ്, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജിലോ, യൂണിവേഴ്സിറ്റി പഠന വിഭാഗത്തിലോ ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ്, സയൻസ് വിഷയങ്ങളിലൊന്നിൽ പഠനം തുടരുന്നവർ മാത്രം അപേക്ഷിച്ചാൽ മതിയാകും.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ**

1. സ്കോളർഷിപ്പിന് അർഹനായ/അർഹയായ വിദ്യാർത്ഥിയുടെ ഡിഗ്രി കോഴ്സിന്റെ അവസാന വർഷം (5, 6 സെമസ്റ്ററുകൾ) പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്. (ജനറൽ വിഭാഗത്തിന് 'ബി' ഗ്രേഡും/ഒ.ബി.സി, ബി.പി.എൽ, എസ്.സി/എസ്.ടി, ഫിസിക്കലി ചലഞ്ച്ഡ് വിഭാഗങ്ങൾക്ക് 'സി' ഗ്രേഡുമാണ് നാലാം വർഷത്തേയ്ക്ക് സ്കോളർഷിപ്പ് ലഭിയ്ക്കുന്നതിനുള്ള കുറഞ്ഞ മാനദണ്ഡം).

2. സ്റ്റുഡന്റ്ഷിപ്പ് സർട്ടിഫിക്കറ്റ് - കോളേജിലെ വിദ്യാർത്ഥിയാണെന്നുള്ള പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തിന്റെ (കൗൺസിൽ വെബ്സൈറ്റിൽ നൽകിയിട്ടുള്ള മാതൃകയിൽ വിദ്യാർത്ഥി ഏതു കോഴ്സിനു പഠിക്കുന്നു എന്ന് രേഖപ്പെടുത്തിയത്) ഒർജിനൽ ഹാജരാക്കുക.
3. പ്രസ്തുത വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിലെ ഒന്നാം പേജിന്റെ പ്രിൻസിപ്പാൾ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (വിദ്യാർത്ഥിയുടെ പേര്, ബാങ്കിന്റെ അക്കൗണ്ട് നമ്പർ, കോഡ്, വിലാസം എന്നിവ വ്യക്തമായിരിയ്ക്കണം.)

<u>സ്കോളർഷിപ്പ് തുക - 40,000/- രൂപ</u>

40% ത്തിനു മുകളിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുകയുടെ 25% അധികമായി നൽകുന്നു. (ഗവൺമെന്റ് മെഡിക്കൽ ബോർഡ് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധം)

മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. (പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിയ്ക്കുന്ന ലംപ്സംഗ്രാന്റിനെ ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

**അപേക്ഷയിൽ നൽകിയിരിയ്ക്കുന്ന വിവരങ്ങൾ ശരിയും പൂർണ്ണവും ആണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ അവ പരിശോധിയ്ക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരും സ്ഥാപന മേധാവികളും വീണ്ടും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.**

Sd/-

**മെമ്പർ സെക്രട്ടറി**